നമ്പർ.എ.ഡി.എൽ (5)53019/07

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 30/3/2008

# സർക്കുലർ നമ്പർ 17/2008

**വിഷയം:-** സഹകരണ വകുപ്പ് "സഹകരണ നവരത്നം കേരളീയം" **"കുടിശിക നിവാരണം ശതശതമാനം-നഷ്ട നിവാരണം കേരളീയം"** പദ്ധതി കാലാവധി ദീർഘിപ്പിയ്ക്കൽ-ആലപ്പുഴ ജില്ല-മഴക്കെടുതി പ്രദേശം- സംബന്ധിച്ച്.

**സൂചന:-** സഹകരണ സംഘം രജിസ്ട്രാറുടെ 75/07, 3/08,11/08 എന്നീ നമ്പർ സർക്കുലറുകൾ.

സഹകരണ നവരത്നം കേരളീയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് സഹകരണ മേഖലയിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന **"കുടിശിക നിവാരണം ശതശതമാനം-നഷ്ട നിവാരണം കേരളീയം"** എന്ന കർമ്മ പദ്ധതിക്ക് ഇതിനോടകം ജനങ്ങളിലും, സ്ഥാപനങ്ങളിലും, ജീവനക്കാരിലും ഏറെ സ്വാധീനം സൃഷ്ടിക്കുവാൻ കഴിഞ്ഞതായും, സഹകരണ വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധങ്ങളായ മുഴുവൻ സ്ഥാപനങ്ങൾക്കും വായ്പാ കുടിശിക പിരിച്ചെടുക്കുന്നതിൽ വർദ്ധിച്ച രീതിയിൽ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്നതും, നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മിക്ക സ്ഥാപനങ്ങളിലും നിഷ്ക്രിയ ആസ്തി ആയിരുന്ന കുടിശിക പിരിച്ചെടുക്കുകയും അതുവഴി നഷ്ടത്തിൽ നിന്നും ലാഭത്തിലേയ്ക്ക് മുന്നേറിയതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്.

കുടിശികക്കാരായ പതിനായിരക്കണക്കിന് അംഗങ്ങൾക്ക് ആശ്വാസം പകരാൻ ഇടയാക്കിയ ഈ പദ്ധതി 31.3.2008 ൽ അവസാനിക്കുന്നുവെങ്കിലും അപ്രതീക്ഷിതമായി മാർച്ച് മാസത്തിൽ ഉണ്ടായ മഴ മൂലം **കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകളിലും, അമ്പലപ്പുഴ താലൂക്കിലെ പുറക്കാട്, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്,** പുന്നപ്ര തെക്ക്, പുന്നപ്ര **വടക്ക്, ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ പള്ളാത്തുരുത്തി, നെഹ്റുട്രോഫി വാർഡുകളിലും മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിലും** കൃഷി മേഖലയിൽ കനത്ത നാശനഷ്ടം സംഭവിച്ചതിനാൽ, പദ്ധതി ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തി കുടിശിക വായ്പകൾ അടച്ചു തീർക്കുന്നതിന് അവസരമുണ്ടായില്ലെന്നും; പദ്ധതി 30.4.2008 വരെ ദീർഘിപ്പിക്കണമെന്നും കർഷകർ ആവശ്യപ്പെടുകയുണ്ടായി.

ടി സാഹചര്യം കണക്കിലെടുത്തും, മുഴുവൻ വായ്പാക്കാർക്കും പദ്ധതി പ്രയോജനം ലഭിക്കണമെന്ന പൊതു തത്വം കണക്കിലെടുത്തും, ആലപ്പുഴ ജില്ലയിലെ മേൽ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ വായ്പാ ബാങ്കുകളും/സംഘങ്ങളും/സ്ഥാപനങ്ങളും ടി സൂചനകൾ പ്രകാരമുള്ള പദ്ധതി ആനുകൂല്യങ്ങൾ 2008 ഏപ്രിൽ 30 വരെ നൽകുന്നതിനായി ഇതിനാൽ അനുവാദം നൽകുന്നു.

ടി കാലയളവിലെ പുരോഗതി റിപ്പോർട്ട് എല്ലാ ആഴ്ചയിലും ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആലപ്പുഴ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന വിവരം കൂടി അറിയിക്കുന്നു.

(ഒപ്പ്)
റാണി ജോർജ്ജ് ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
5. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ.
6. പ്രസിഡന്റ്/സെക്രട്ടറി അർബൻ സഹകരണ ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ ജനറൽ മുഖേന)
7. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) ആലപ്പുഴ.
8. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്), (ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) ആലപ്പുഴ.മുഖേന)
9. സഹകരണ വീഥി, 10 സഹകരണ ജേർണൽ. 11. സ്റ്റോക്ക് ഫയൽ
12. സ്പെയർ 13. ഈ ആഫീസിലെ സെക്ഷൻ മേധാവികൾക്ക്.

ആജ്ഞാനുസരണം,

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി.